**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **01-02-2024 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് അനുവദിച്ച കെട്ടിട നിർമ്മാണ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി വഴി തൃക്കരിപ്പൂർ മണ്ഡലത്തിലെ വിവിധ വിദ്യാലയങ്ങൾക്ക് അനുവദിച്ച കെട്ടിട നിർമ്മാണ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി കില അധികൃതരുടെ മെല്ലെപ്പോക്കുമൂലം തടസ്സപ്പെട്ടിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 3കോടി, 1 കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട കെട്ടിട നിർമ്മാണത്തിന് 2018 ലെ റേറ്റ് റിവിഷൻ വന്നതിന്റെ അടിസ്ഥാന ത്തിൽ, പുതുക്കിയ ഭരണാനുമതിയും കിഫ്‌ബിയിൽ നിന്നുള്ള സാമ്പത്തിക അനുമതിയും ലഭിക്കേണ്ടതുണ്ടായിരുന്നു. ഇതനുസരിച്ച് നിലവിലുള്ള എസ്റ്റിമേറ്റിൽ കിലയ്ക്ക് ഭേദഗതി വരുത്തേണ്ടതായി വന്നു. PRICE SOFTWAREൽ COMPOSITE TENDER ഒഴിവാക്കിക്കൊണ്ടുള്ള നടപടി ക്രമങ്ങൾ വന്നതിനാൽ കിലയുടെ 1കോടി കിഫ്‌ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇത്തരം പ്രശ്നങ്ങളെല്ലാം കിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിച്ച് വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ മണ്ഡല ത്തിലെ കില എസ്.പി.വിയായ 3 സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സ്കൂളുകളുടെ പഴയ കെട്ടിടം പൊളിച്ചുമാറ്റി പുതിയത് സമയബന്ധിതമായി നിർമ്മിക്കുമെന്ന് അറിയിച്ചിട്ടും പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ? | (ബി) | 3കോടി, 1 കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട കെട്ടിട നിർമ്മാണത്തിന് 2018 ലെ റേറ്റ് റിവിഷൻ വന്നതിന്റെ അടിസ്ഥാന ത്തിൽ, പുതുക്കിയ ഭരണാനുമതിയും കിഫ്‌ബിയിൽ നിന്നുള്ള സാമ്പത്തിക അനുമതിയും ലഭിക്കേണ്ടതുണ്ടായിരുന്നു. ഇതനുസരിച്ച് നിലവിലുള്ള എസ്റ്റിമേറ്റിൽ കിലയ്ക്ക് ഭേദഗതി വരുത്തേണ്ടതായി വന്നു. PRICE SOFTWAREൽ COMPOSITE TENDER ഒഴിവാക്കിക്കൊണ്ടുള്ള നടപടി ക്രമങ്ങൾ വന്നതിനാൽ കിലയുടെ 1കോടി കിഫ്‌ബി ഫണ്ടിലുൾപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇത്തരം പ്രശ്നങ്ങളെല്ലാം കിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം |

| | | | |
|---|---|---|---|
| | | | വരുത്തിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളെല്ലാം പരിഹരിച്ച് വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ മണ്ഡല ത്തിലെ കില എസ്.പി.വിയായ 3 സ്കൂളുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ